പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3739 19.02.2013-ൽ മറുപടിയ്ക്ക്.

## വന്യമൃഗ ആക്രമണത്തിൽപ്പെടുന്നവർക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജു | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങളുടെ ആക്രമണം മൂലം മരണവും അംഗവൈകല്യം ഉൾപ്പെടെയുള്ള സാരമായ പരിക്കുകളും സംഭവിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) വന്യജീവികളുടെ ആക്രമണം മൂലം മരണപ്പെട്ടുന്നവരുടെ ആശ്രിതരും, അംഗവൈകല്യം ഉൾപ്പെടെയുള്ള സാരമായ പരിക്ക് സംഭവിച്ചവരും നഷ്ടപരിഹാരം ലഭിക്കുന്നതിനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം അതാത് പ്രദേശങ്ങളിലെ റെയിഞ്ചാഫീസർ മുഖാന്തിരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സംഭവം നടന്ന് 3 (മൂന്ന്) മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. മരണപ്പെട്ടവരുടെ ആശ്രിതർ അനന്തരാവകാശ സർട്ടിഫിക്കറ്റും, സ്ഥായിയായ അംഗവൈകല്യം സംഭവിച്ചവരും പരിക്കേറ്റവരുമായ അപേക്ഷകർ കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ പദവിയിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റെയിഞ്ചാഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. |
| (ബി) നിലവിൽ കൊല്ലം ജില്ലയിൽ ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ ? | (ബി) 2012-13-ൽ ലഭിച്ച അപേക്ഷകൾ - 35<br>തീർപ്പ് കൽപ്പിച്ച അപേക്ഷകൾ - 19<br>അവശേഷിക്കുന്ന അപേക്ഷകൾ - 16 |

സെക്ഷൻ ഓഫീസർ